ജലദുർല്ലഭ ഗ്രാമമായി കണക്കാക്കുന്നതിനുള്ള മാനദണ്ഡം

871 [251] ശ്രീ. പി. സീതിഹാജി:
,, ഇ. ടി. മുഹമ്മദ ബഷീർ:
,, കെ. പി. രാമൻ:
,, പി. എം. അബൂബക്കർ:
,, നാലകത്ത് സൂപ്പി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു ഗ്രാമത്തെ ജലദുർല്ലഭ ഗ്രാമമായി കണക്കാക്കുന്നതിനുള്ള മാനദണ്ഡം എന്താണ്;

(ബി) ഇത്തരം എത്ര ഗ്രാമങ്ങൾ കേരളത്തിലുണ്ട്?

(സി) ഇത്തരം എത്ര ഗ്രാമങ്ങൾ ഇതിനകം ശുദ്ധജലം എത്തിക്കാൻ നടപടി സ്വീകരിച്ചു;

(ഡി) ശുദ്ധജലമെത്താത്ത ഗ്രാമങ്ങളിൽ ശുദ്ധജലമെത്തിക്കാൻ എന്ന് കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്?

ഉത്തരം

(എ) (i) ഒരു നിശ്ചിത (1.6 കി.മീ.) ദൂരത്തിനകത്തോ 15 മീറ്റർ താഴ്ചയിലോ കുടിവെള്ളം ലഭിക്കാത്ത പ്രദേശം.

(ii) ആരോഗ്യത്തിന് ഹാനികരമായ ഉപ്പ്, ഇരുമ്പ്, ഫ്ളൂറൈഡ് തുടങ്ങിയ രാസപദാർത്ഥങ്ങൾ വെള്ളത്തിൽ അടങ്ങിയിട്ടുള്ള പ്രദേശം.

(iii) ഉറവിടങ്ങളിൽ അതിസാരം, ഗിനിവിര തുടങ്ങിയ രോഗാണുക്കൾ ഉള്ള പ്രദേശങ്ങൾ.

(ബി) 1164 ഗ്രാമങ്ങൾ.

(സി) 6 ഗ്രാമങ്ങളിൽ പൂർണ്ണമായും, 1167 ഗ്രാമങ്ങളിൽ ഭാഗികമായും ശുദ്ധജലം എത്തിച്ചിട്ടുണ്ട്.

(ഡി) അവശേഷിക്കുന്ന ഒരു ഗ്രാമത്തിൽ ഈ വർഷത്തോടുകൂടി ഭാഗികമായി ശുദ്ധജലമെത്തിക്കാൻ കഴിയും. 1990 ആകുമ്പോഴേക്കും മേൽ പറഞ്ഞ എല്ലാ ഗ്രാമങ്ങളിലും പൂർണ്ണമായി ശുദ്ധജലവിതരണം നടപ്പിലാക്കുവാനാണ് ഉദ്ദേശിക്കുന്നത്.

സംസ്കൃത സർവ്വകലാശാല

872 [252] ശ്രീ. എ. കെ. പത്മനാഭൻ:
,, ഇ. പത്മനാഭൻ:
,, എൻ. ചന്ദ്രശേഖരക്കുറുപ്പ്:
,, കെ. പി. അരവിന്ദാക്ഷൻ:
,, പി. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഒരു അംഗീകൃത സർവ്വകലാശാല തുടങ്ങുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly